# കരൂപ്പടന്ന: ഒരു കായൽ നികന്നതിങ്ങനെ

പി.ഇന്ദുശേഖരൻ

**ഒരു** കാലത്ത് തുറമുഖ പ്രധാന്യമുണ്ടായിരുന്ന പ്രദേശമായിരുന്ന തൃശ്ശൂർ ജില്ലയിലെ ഇരിഞ്ഞാലക്കുട യ്ക്കും കൊടുങ്ങല്ലൂരിനും ഇടയിലുള്ള കരൂപ്പടന്ന. ഇരിഞ്ഞാലക്കുടയിൽ നിന്ന് 9 കി.മീ. തെക്കും കൊടുങ്ങല്ലൂരിൽ നിന്ന് 7 കി.മീ. വടക്കുമായിട്ടാണ് കരൂപ്പടന്നയുടെ കിടപ്പ്. കോട്ടപ്പുറം മുതൽ കണ്ടല്ലാംകടവ് വരെയുള്ള കനോലികനാൽ ഭാഗങ്ങളിലെ ശുദ്ധമായ ഒരിടമായിരുന്ന കരൂപ്പടന്ന കായൽ. പൂവ്വത്തും കടവ് മുതൽ തെക്കോട്ട് വള്ളിവട്ടം, പെഴുംകാടപറപ്പ്, ആല ഗോതുരുത്ത്, പുല്ലൂറ്റ് ഊളത്തുകടവ്, കാവിൽകടവ്, ആനാപ്പുഴ, വിജയൻ തോട്, കൃഷ്ണൻകോട്ട, കോട്ടപ്പുറം എന്നീ സ്ഥലങ്ങളുമായി ബന്ധപ്പെട്ട് കടന്നുപോവുന്ന കായൽ മുനമ്പത്ത് വെച്ച് അറബിക്കടലിൽ ചേരുന്നു. പൂവ്വത്തും കടവിന് വടക്കോട്ട് ഇരിഞ്ഞാലക്കുട ഷൺമുഖം കനാൽവരെ കായൽ എത്തിനിൽക്കുന്നു.

ഒരു കാലത്ത് തീരപ്രദേശത്തെ തെങ്ങിൻ തോട്ടങ്ങളുടെ നടുവിലൂടെ നിറഞ്ഞൊഴുകിയിരുന്ന കരൂപ്പടന്ന കായൽ ഇന്ന് ഒഴുക്ക് നിലച്ച് മലിനീകരണത്തിന്റെ പിടിയിലമർന്നിരിക്കുന്നു. കായലോരങ്ങളിലെ മടലടി കേന്ദ്രങ്ങളിൽ നിന്നും ചകിരിച്ചോറു മില്ലുകളിൽ നിന്നുമുള്ള ചകിരിച്ചോറുനിറഞ്ഞ് കായലിൽ അവിടവിടെ കുന്നുകൾ രൂപം കൊണ്ടിരിക്കുന്നു. പലയിടത്തും പച്ചമടലുകൾ മൂടുന്നതു കാരണം കരൂപ്പടന്ന പാലത്തിനുമേൽ നിന്നു നോക്കിയാൽ ഇരുവശത്തുമായി കായലിൽ ചകിരിച്ചോറുകളുടെ വലിയ മലകൾ കാണാൻ കഴിയും. നിറഞ്ഞൊഴുകിയിരുന്ന കായൽ നികന്ന് ഇന്നൊരു തോട് മാത്രമായി തീർന്നിരിക്കുന്നു. ഏക്കർ കണക്കിന് കായൽ നികന്ന് ചതുപ്പുനിലങ്ങളായി മാറി. പണ്ട് ജല ഗതാഗതത്തിന് വളരെ സ്ഥാനവും പ്രാധാന്യവുമുണ്ടായിരുന്ന സ്ഥലമായിരുന്ന കരൂപ്പടന്നക്ക് ഇന്നത് പഴങ്കഥമാത്രം.

ഷൺമുഖം ചെട്ടി കൊച്ചി ദിവാനായിരുന്ന കാലത്ത് മലഞ്ചരക്കുകളും കശുവണ്ടി മുതലായവയും ഇരിഞ്ഞാലക്കുടയിൽ കാളവണ്ടിയിൽ കൊണ്ടുവന്ന് അവിടെ നിന്ന് ഷൺമുഖം കനാലിലൂടെ വള്ളങ്ങളിൽ കയറി കരൂപ്പടന്ന ചന്തയിൽ എത്തിക്കുമായിരുന്നു.

കരൂപ്പടന്നയിൽ നിന്ന് ഇരുപതേ കാലിന്റെയും മുപ്പതേ കാലിന്റെയുമൊക്കെ കെട്ടു വള്ളങ്ങളിൽ കയറ്റി ആലപ്പുഴ, കൊച്ചി, കൊല്ലം എന്നിവിടങ്ങളിലേക്ക് കൊണ്ടുപോകും. പ്രാചീന ചേര തലസ്ഥാനത്തിന്റെ വടക്കൻ ദിക്കുകളിലേക്കുള്ള പടിവാതിലായിരുന്ന കരൂപ്പടന്ന തീവണ്ടിയും മോട്ടോർ വാഹനങ്ങളും വരുന്നതുവരെ ആ പദവി നിലനിറുത്തിയിരുന്നു. കൊച്ചി രാജ്യത്തിന്റെ തലസ്ഥാനമായ എറണാകുളത്തേയും രാജധാനിയായ തൃപ്പൂണിത്തുറയേയും വടക്കൻ ജില്ലകളുമായി കൂട്ടിമുട്ടിച്ചിരുന്നത് കരൂപ്പടന്നയായിരുന്നു കൊച്ചിരാജാക്കന്മാർ ഇരിഞ്ഞാലക്കുടക്കും തൃശ്ശൂർക്കും യാത്ര ചെയ്യുമ്പോൾ കരൂപ്പടന്നയിൽ വിശ്രമിക്കുമായിരുന്നു. അക്കാലത്ത് കരൂപ്പടന്നയിൽ സർക്കാർ വക ഊട്ടുപുരയുമുണ്ടായിരുന്നു.

ഇരിഞ്ഞാലക്കുട ക്ഷേത്രഭരണാധികാരിയായിരുന്ന തച്ചുടയക്കയ്മളെ തിരുവനന്തപുരത്തു നിന്ന് എഴുന്നള്ളിച്ചു കൊണ്ടുവന്നിരുന്നത് കരൂപ്പടന്ന വഴിക്കായിരുന്നു. ആദ്യകാലത്ത് കോട്ടപ്പുറത്തു നിന്ന് ചാവക്കാട് വരെ യാത്ര ചെയ്യാൻ ആളുകൾ ആശ്രയിച്ചിരുന്നത് കമ്പനി വള്ളങ്ങളെയായിരുന്നു. കമ്പനിവള്ളങ്ങൾ നിറുത്തിയതിനു ശേഷം കോട്ടപ്പുറത്തു നിന്ന് വടക്കോട്ട് കൊടുങ്ങല്ലൂർ,പുല്ലൂറ്റ്, കരൂപ്പടന്ന ,ആല ഗോതുരുത്ത് വഴി ചാവക്കാട് വരെ പോകുന്ന ബോട്ട് സർവ്വീസും ഉണ്ടായിരുന്നു.

കരൂപ്പടന്ന വഴി കിഴക്കോട്ട് പുല്ലൂറ്റ്,വടക്കുംപുറി, കടലായി, നാരായണമംഗലം, വെള്ളൂർ വഴി മാള,കൃഷ്ണൻകോട്ട വരെ പോകാമായിരുന്നു. ഇത്രമാത്രം വിപുലമായ ഗതാഗത സൗകര്യമുണ്ടായിരുന്ന കരൂപ്പടന്ന കായൽ ഇന്ന് ചകിരിച്ചോറ് നിറഞ്ഞ് നികന്നു. പൊക്കാളി കൃഷിക്കാർ നിലത്തിനു വേണ്ടി നികത്തിയും ചെമ്മീൻ പിടിക്കാൻ ബണ്ടുവെച്ചും കായലോരത്തുള്ള പറമ്പുകൾ കയ്യേറിയുമൊക്കെ കായൽ കൈത്തോട് മാത്രമായിത്തീർന്നിട്ടുണ്ട്.

പെരിങ്ങൽക്കുത്ത് അണക്കെട്ട് പണിയുന്നകാലത്ത് വിദേശ രാജ്യത്തു നിന്ന് കപ്പൽ വഴി കൊച്ചി തുറമുഖത്തെത്തുന്ന അണക്കെട്ട് സാമഗ്രികൾ അവിടെ നിന്ന് വലിയ ബാർജിൽ കയറ്റി കരൂപ്പടന്ന ചന്തക്കടവിൽ ഇറക്കി തമിഴ് നാട്ടിൽ നിന്നുള്ള 12 ചക്രങ്ങളുള്ള വലിയ ലോറികളിൽ കയറ്റി കൊണ്ടുപോവുമായിരുന്നു. കായലിന്റെ ഈ ഭൂത കാല പ്രഭാവം വിസ്മൃതിയിലാണ്ടുപോയിരിക്കുന്നു.

കായലിലെ ചകരിച്ചോറു മലിനീകരണം മൂലം ദോഷം സംഭവിച്ച മറ്റൊരു മേഖല മത്സ്യ ബന്ധനമാണ്. നീരൊഴുക്ക് നിലയ്ക്കുകയും മടൽമൂടൽ കേന്ദ്രങ്ങളിൽ നിന്നും കറ ഇറങ്ങുകയും ചെയ്യുതോടെ കായലിലെ മത്സ്യ



ങ്ങൾ, ഞണ്ട് എന്നിങ്ങനെയുള്ള മത്സ്യ സമ്പത്ത് നാശത്തിന്റെ വക്കിലായിട്ടുണ്ട്. ഈ പ്രദേശത്തുള്ള നിരവധി ചെമ്മീൻ കെട്ടുകൾ സ്തംഭനാവസ്ഥയെ അഭിമുഖീകരിക്കുകയാണ്.

കുമ്മായ വ്യവസായത്തിന് അവശ്യ വസ്തുവായ കക്കയാണ് പാടെ നശിച്ച മറ്റൊരു വിഭവം. കക്ക ഉണ്ടാകണമെങ്കിൽ കായലിന്റെ അടിയിൽ മണൽ വേണം. ചകിരിച്ചോറു നിറഞ്ഞതു കൊണ്ട് മണൽ മൂടിപ്പോയി. കക്കയുടെ ഉല്പാദനം നിലച്ചു. കക്കത്തൊഴിലാളികൾക്കു തൊഴിലില്ലെന്നു വന്നു. പാരമ്പര്യ മത്സ്യബന്ധന രംഗത്ത് പണിയെടുത്തിരുന്ന ഇരുനൂറോളം മത്സ്യത്തൊഴിലാളി കുടുംബങ്ങളും ഇന്ന് പട്ടിണിയിയാണ്.

നെൽ കൃഷിയേയും കായൽ മലിനീകരണം ബാധിച്ചിരിക്കുന്നു. വേലിയേറ്റ സമയത്ത് കായലിൽ കലിഞ്ഞു കൂടിയിട്ടുള്ള ചകിരിച്ചോറ് അനുബന്ധതോടുകളിലേക്കും കൃഷിയിടങ്ങളിലേക്കും ഒഴുകിചെല്ലുന്നു. ഈ പ്രദേശത്തെ നൂറുകണക്കിനേക്കർ പൊക്കാളിനിലങ്ങൾ ഇന്ന് കൃഷി ചെയ്യാനാവാത്ത അവസ്ഥയിലാണ്. ചകിരിച്ചോറിന്റെ വർദ്ധനവ് ചളി മണ്ണില്ലാതാക്കിയതിനാൽ വിത്തു പിടിക്കുക പ്രയാസം. ചകിരിച്ചോറിന്റെയും മടൽ കഴികളിൽ നിന്ന് ഒലിച്ചിറങ്ങുന്ന കറയുടേയും ഭീഷിണി മൂലം കർഷകർ കൃഷിയിറക്കാതെ നിലം തരിശിടുകയാണ്.

മടൽ കഴികളിലെ കറ തെങ്ങിൻ തോട്ടങ്ങൾക്കും കടിവെള്ളത്തിനും ഭീഷണിയായിട്ടുണ്ട്.കായലോരത്തു താമസിക്കുന്നവരുടെ മലമൂത്രാദി വിസർജ്ജ്യങ്ങളും അവർ വലിച്ചെറിയുന്ന മാലിന്യ വസ്തുക്കളും കായലിലെ മലിനീകരണം വർദ്ധിപ്പിക്കുന്നു. ഇതുകൊണ്ടാക്കെയുള്ള ആരോഗ്യ-പാരിസ്ഥിതിക പ്രശ്നങ്ങൾ വർദ്ധിച്ചു വരുന്നു.

കായലിന്റെ ഇരുകരകളിലും ചകരിച്ചോറു നിറഞ്ഞ് നികന്ന സ്ഥലങ്ങളിൽ അനധികൃതമായ കൈയേറ്റം നടക്കുന്നത് വലിയൊരു പ്രശ്നമാണ്. ചകരിച്ചോറു നിറഞ്ഞ് നികന്ന സ്ഥലങ്ങളിൽ കായലിൽ നിന്ന് ചളിയും മണലും കോരി യിട്ട് വളച്ചുകെട്ടി കൽപ്പൊടി അടിച്ച് തെങ്ങിൻതൈകൾ നട്ടുപിടിപ്പിച്ച് പുരയിടങ്ങളാക്കി മാറ്റുന്നു.

ഇങ്ങനെയുള്ള സ്ഥലങ്ങൾ പാവപ്പെട്ടവർ 30000 രൂപക്കും 40000 രൂപക്കും മറ്റും വാങ്ങി പുരവെച്ച് കൈവശസർട്ടിഫിക്കറ്റ് സംഘടിപ്പിച്ച് സ്വകാര്യ സ്വത്താക്കുന്നു. കരൂപ്പടന്നയിലും സമീപ പ്രദേശങ്ങളിലുമായി ഇന്ന് 500 ഏക്കറിനു മേൽ കായൽ നികത്തിക്കഴിഞ്ഞിട്ടുണ്ട്

ചകിരിമില്ലുകാരുടെ നിയമവിരുദ്ധമായ പ്രവർത്തനങ്ങളാണ് ഈ അനർത്ഥങ്ങൾക്കെല്ലാം തുടക്കമിട്ടുന്നത്. ചകിരിമില്ലുകളിൽ 13 എണ്ണം ചീഞ്ഞ മടൽ അടിക്കുന്നവയാണ്. ഒരെണ്ണമേ പച്ചമടൽ അടിക്കുന്നതായിട്ടുള്ളൂ. 3മില്ലുകൾ കായൽ സൊസൈറ്റിവകയും 11മില്ലുകൾ സ്വകാര്യ വ്യക്തികളുടേതുമാണ്. ഒരോ മില്ലിലും ഒരു ദിവസം 15000 മടൽ വീതം അടിച്ചു ചകിരിച്ചോറാക്കുന്നുണ്ട്. ഇതു മുഴുവൻ കായലിലേക്കാണ് ഒഴുക്കുന്നത്.

ചകിരി മില്ലുകൾ നടത്തുന്നതിന് പാലിക്കേണ്ടതായ നിയമങ്ങളൊന്നും ഇവർ പാലിക്കാറില്ല. കായലോരത്തുള്ള മില്ലുകളാവുമ്പോൾ കായൽ മലിനീകരണം ഉണ്ടാക്കുകയില്ലെന്നു ഉറപ്പുവരുത്തിയിട്ടാവണം പ്രവർത്തിക്കാൻ.പരിസ്ഥിതി വകുപ്പിന്റെയും ജലമലിനീകരണ ബോർഡിന്റേയുമൊക്കെ ക്ലിയറൻസും വേണ്ടതുണ്ട്. ഇതൊന്നും മില്ലുകാർ പാലിക്കാറില്ല. 100 രൂപ അടച്ചാൽ പഞ്ചായത്ത് നൽകുന്ന ലൈസൻസേത്തുകപ്പാടെ ഇവർക്കുള്ളൂ. പഞ്ചായത്ത് ലൈസൻസിനുള്ള അപേക്ഷാഫോറത്തിൽ മടലിന്റെ അവശിഷ്ടങ്ങൾ എവിടെ നിക്ഷേപിക്കുമെന്നൊരു ചോദ്യമുണ്ട്. സ്വന്തം സ്ഥലത്തുനിക്ഷേപിക്കുമെന്ന് മില്ലുകാർ എഴുതി വിട്ടും എന്നിട്ട് പുഴയിൽ നിക്ഷേപിക്കുകയും ചെയ്യും. വർഷങ്ങളായി ചെയ്തുപോന്നത് അതാണ്.

പരിസ്ഥിതി സംരക്ഷണത്തിലും നിയമം നടപ്പാക്കുന്നതിലും ബന്ധപ്പെട്ട അധികാരികൾ വർഷങ്ങളായി പുലർത്തിപ്പോന്ന കുറ്റകരമായ അനാസ്ഥകണ്ട് സഹികെട്ട ചില ദേശവാസികൾ മുൻകൈയ്യെടുത്ത് ആരംഭിച്ചതാണ് കരൂപ്പടന്ന കായലിനു വേണ്ടിയുള്ള നിയമ യുദ്ധം. അതിനു ഒരു സംഘടിത രൂപമോ സംഘടനയുടെ പിൻബലമോ ഉണ്ടായിരുന്നില്ലെന്ന് മാത്രം

(ശേഷം അടുത്തലക്കത്തിൽ)